ഓർഡിനൻസാണ് മൂന്നാമത്തെ ക്രമപ്രശ്നം. ആ ഓർഡിനൻസുകൾ പുനർ വിളംബരം ചെയ്യുകഴിഞ്ഞപ്പോൾ അവസാനം നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 5-7-2019-ൽ ഓർഡിനൻസ് പുനർവിളംബരം ചെയ്യേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി. അതിനുശേഷം 27-6-2020-ലാണ് പുതിയൊരു ഓർഡിനൻസ് പുറത്തിറക്കുന്നത്. അപ്പോൾ നേരത്തെയുള്ള ഓർഡിനൻസിനെ അടിസ്ഥാനപ്പെടുത്തി നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതുകൊണ്ട് മുൻകാല നടപടിക്ക് സാധൂകരണം നൽകുന്ന ഒരു വകുപ്പുകൂടി പുതിയ ഓർഡിനൻസിൽ ആവശ്യമില്ല. അതുകൊണ്ടാണ് ആ രൂപത്തിൽ ഓർഡിനൻസ് ഇറക്കിയിട്ടുള്ളത്. ഓർഡിനൻസുകൾ എന്ന രൂപത്തിൽ തുടർച്ചയായി പോകണമെന്ന നിലപാട് ഒരിക്കലും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. സമയം അനുവദിക്കുന്ന ക്രമത്തിൽ എല്ലാ ഓർഡിനൻസുകളും ബില്ലുകളാക്കാനുള്ള നടപടി അതാത് ഭരണ വകുപ്പുകൾ സ്വീകരിക്കുന്നതായിരിക്കും.

(3) ഔദ്യോഗിക സ്ഥാനപ്പേരിൽ വന്ന വ്യത്യാസം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സിലെ ചട്ടം 5-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മന്ത്രിമാരുടെ ബിസിനസ്സ് നിർണ്ണയിച്ച് 20-5-2021-ലെ അസാധാരണ ഗസറ്റ് നമ്പർ 1601 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അതിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിക്ക് ഇലക്ട്രിസിറ്റി, അനെർട്ട് എന്നിവയാണ് ബിസിനസ്സ് നിശ്ചയിച്ചിട്ടുള്ളത്. ഇതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (Minister for electricity) എന്ന പോർട്ട്ഫോളിയോ ആണ് ഇപ്പോൾ അദ്ദേഹം ഉപയോഗിച്ചുവരുന്നത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 233 അനുസരിച്ച് 2021 ജൂൺ 7-ാം തീയതി പ്രാബല്യത്തിൽ വകുപ്പുമന്ത്രിയെ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായി നാമനിർദ്ദേശം ചെയ്തിരുന്നു. ഊർജ്ജ വകുപ്പുമന്ത്രിയെന്ന് ഡെസിഗ്നേറ്റ് ചെയ്താണ് ബഹുമാനപ്പെട്ട മന്ത്രിയെ നാമനിർദ്ദേശം ചെയ്തിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി റിപ്പോർട്ട് സമർപ്പിച്ചപ്പോൾ വൈദ്യുതി വകുപ്പുമന്ത്രി എന്നാണ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിന്റെ സഭാരേഖകളിലെ ചില ബിസിനസ്സിൽ വൈദ്യുതി വകുപ്പുമന്ത്രിയെന്ന് രേഖപ്പെടുത്തിക്കാണുമ്പോൾ മറ്റ് ചില ബിസിനസ്സിൽ ഊർജ്ജ വകുപ്പുമന്ത്രി എന്ന് വ്യത്യസ്തമായ രീതിയിൽ രേഖപ്പെടുത്തിക്കാണുന്നുണ്ട്. ഉദാഹരണത്തിന്, ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞതും കടലാസ്സുകൾ മേശപ്പുറത്ത് വച്ചതും സഭാരേഖകൾ പ്രകാരം വൈദ്യുതി വകുപ്പുമന്ത്രി എന്നായിരുന്നു. എന്നാൽ സബ്മിഷന് മറുപടി പറഞ്ഞപ്പോൾ അത് ഊർജ്ജ വകുപ്പുമന്ത്രി എന്നായി. നിലവിലെ സമ്മേളനത്തിൽ വൈദ്യുതി വകുപ്പുമന്ത്രി എന്നതന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ സഭാ രേഖകളിലും ഔദ്യോഗിക രേഖകളിലും ആശയക്കുഴപ്പമുണ്ടാക്കുന്ന രീതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

തെറ്റായി ഉപയോഗിച്ചുവരുന്നത് ആശാസ്യമല്ല. റൂൾസ് ഓഫ് ബിസിനസ്സിന്റെ അടിസ്ഥാനത്തിൽ ബിസിനസ്സ് നിർണ്ണയിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിന്ന് വ്യത്യസ്തമായി ഇത്തരത്തിൽ പോർട്ട്ഫോളിയോ ഉപയോഗിക്കുന്നതിനെതിരെയും സഭാ രേഖകളിലുൾപ്പെടെയുണ്ടായിട്ടുള്ള പിശകുകൾ തിരുത്തുന്നതിനും സബ്ജക്ട് കമ്മിറ്റിയുടെ നാമനിർദ്ദേശത്തിൽ ഊർജ്ജ വകുപ്പുമന്ത്രി എന്നത് വൈദ്യുതി വകുപ്പുമന്ത്രി എന്ന് തിരുത്തി പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ റൂളിംഗ് നൽകണമെന്നും ഇത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കാതിരിക്കാൻ നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

റൂളിംഗ്

മി.സ്പീക്കർ: ഓർഡർ.....ഓർഡർ.... സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ബഡ്ജറ്റിന്മേലുള്ള സൂക്ഷ്മപരിശോധനാ പരിധിയിൽ കിഫ്ബിയുമായി ബന്ധപ്പെട്ട ചെലവുകൾ ഉൾപ്പെടുന്നില്ലെന്നും കിഫ്ബിയുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ നിയമസഭ റദ്ദ് ചെയ്തതിനാൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് അത് പരിശോധിക്കാൻ അവസരം ലഭിക്കുന്നില്ലെന്നും കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭാ സമിതികൾക്ക് പരിശോധിക്കാൻ ക്രമീകരണം ഏർപ്പെടുത്തണമെന്ന് 2019 ജൂലൈ 4-ാം തീയതി ചെയറിൽ നിന്നും റൂളിംഗ് ഉണ്ടായിട്ടുണ്ടെന്നും നാളിതുവരെ ഇക്കാര്യത്തിൽ പരിഹാരം ഉണ്ടായിട്ടില്ലെന്നുമാണ് ശ്രീ. എ. പി. അനിൽ കുമാർ ക്രമപ്രശ്നമായി ഇവിടെ ഉന്നയിച്ചത്.

കിഫ്ബിയുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതത്തിന്മേലുള്ള സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ചും കിഫ്ബിയുടെ ഓഡിറ്റ് സംവിധാനങ്ങളെ സംബന്ധിച്ചുമുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ കിഫ്ബിയുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ നിയമസഭ റദ്ദ് ചെയ്തു എന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആക്ഷേപം വസ്തുതാപരമല്ല. അന്നേ ദിവസം സഭയിൽ നടന്ന വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ സി.&എ. ജി. റിപ്പോർട്ടിലെ നടപടിക്രമം പാലിക്കാതെ ഉൾപ്പെടുത്തിയ ഓഡിറ്റ് പരാമർശങ്ങൾ ഒരു പ്രമേയത്തിലൂടെ സഭ നിരാകരിക്കുകയാണ് യഥാർത്ഥത്തിൽ അന്നുണ്ടായത്. അത് മറ്റൊരു വിധത്തിൽ വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഒരു പ്രത്യേക സന്ദർഭം ഒഴിവാക്കിയാൽ പൊതുവിൽ കിഫ്ബിയുമായി ബന്ധപ്പെട്ട സി.&എ.ജി.യുടെ എല്ലാ ഓഡിറ്റ് പരാമർശങ്ങളും പരിശോധിക്കാനും തുടർനടപടി സ്വീകരിക്കാനും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്കുള്ള അധികാരങ്ങളെ യാതൊരു വിധത്തിലും ദുർബ്ബലപ്പെടുത്തിയിട്ടില്ല എന്നതാണ് വസ്തുത.

LIBRARY ARCHIVES Kerala Legislative Assembly